# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1537

11.2.2013-ൽ മറുപടിക്ക്

## ക്ഷീര കർഷകർക്ക് ക്ഷേമനിധി അംഗത്വം

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) ദീർഘകാലം പശുവളർത്തലും പശുക്കറവയും തൊഴിലായി കൊണ്ടുനടക്കുകയും ക്ഷേമനിധി അംഗത്വം എടുക്കുന്നതിനുമുമ്പുതന്നെ വാർദ്ധക്യ സഹജമായ അസുഖങ്ങൾമൂലം ഈ തൊഴിൽ മേഖലയിൽ സജീവമായി തുടരാൻ കഴിയാതെ വരികയും ചെയ്ത ക്ഷീര കർഷകർക്ക് പെൻഷൻ നൽകുമോ; ഇത്തരത്തിൽപ്പെട്ട ക്ഷീര കർഷകർ പെൻഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഇവ പരിഗണിക്കപ്പെട്ടിട്ടുണ്ടോ;

(എ) കേരള ക്ഷീരകർഷക ക്ഷേമനിധി നിയമപ്രകാരം ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് മാത്രമേ പെൻഷൻ ഉൾപ്പെടെയുള്ള ധനസഹായങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളൂ.

(ബി) പാലളക്കുന്ന ക്ഷീര സംഘങ്ങളിൽ പാലളക്കുന്നതു സംബന്ധിച്ച രേഖകൾ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കാലം മുമ്പുവരെയുള്ള രേഖകൾ ഓരോ സംഘവും സൂക്ഷിക്കുന്നുണ്ട്; പഴയ രേഖകൾ ലഭിക്കുന്നതിന് നിരക്ഷരരും വൃദ്ധരുമായ മുൻകാല ക്ഷീര കർഷകർ സംഘങ്ങളെ സമീപിച്ചിട്ടും അവ ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം വൃദ്ധരും രോഗികളുമായ ക്ഷീര കർഷകർക്ക് പെൻഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഇത്തരം ക്ഷീര കർഷകർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) 1969 ലെ കേരള സഹകരണ നിയമം ചട്ടം 31 പ്രകാരം സംഘത്തിന്റെ പാലളവ് സംബന്ധിച്ച രേഖകൾ സംഘം നിലനിൽക്കുന്നിടത്തോളം കാലം സ്ഥിരമായി സൂക്ഷിക്കേണ്ടതാണ്. കേരള ക്ഷീര കർഷ ക്ഷേമനിധി നിയമപ്രകാരം നിശ്ചിത പാലളവ് യോഗ്യത നേടുന്ന ക്ഷീര കർഷകർക്ക് മാത്രമേ പെൻഷൻ നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. പാലളക്കുന്നത് സംബന്ധിച്ച പഴയ രേഖകൾ ലഭിക്കുന്നതിന് നിരക്ഷരരും വൃദ്ധരുമായ മുൻകാല ക്ഷീര കർഷകർ സംഘങ്ങളെ സമീപിച്ചിട്ടും അവ ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | |
|---|---|
| (സി) ചേർത്തല വാരനാട് പടിഞ്ഞാറെ ഇരവിമംഗലംവീട്ടിൽ രാധാമണിയമ്മ ക്ഷീരകർഷക പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടുംപരിഗണിക്കപ്പെടാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കമോ; പ്രസ്തുത അപേക്ഷ പരിഗണിച്ച് രാധാമണിയമ്മയ്ക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) ആലപ്പുഴ ജില്ലയിലെ ചേർത്തല ബ്ലോക്കിലെ വാരനാട് ക്ഷീര സംഘത്തിലെ ശ്രീമതി.രാധാമണിഅമ്മ നിയമപ്രകാരമുള്ള നിശ്ചിത പാലളവ് യോഗ്യത നേടിയിട്ടി ല്ലാത്തതിനാൽ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിനോ, പെൻഷൻ അടക്കമുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന് നതിനോ നിലവിൽ അർഹതയില്ല. നിയമ പ്രകാരം നിശ്ചിത യോഗ്യത നേടിയശേഷം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ടിയാളുടെ അപേക്ഷ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ